## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2066** **17.02.2016-ൽ മറുപടിയ്ക്ക്**

# പുറത്ത് നിന്ന് വാങ്ങുന്ന വൈദ്യുതി.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ബി. ഗണേഷ് കുമാർ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |

(എ) 2011 മുതൽ 2015 വരെ സംസ്ഥാനത്തിന് പുറത്ത് നിന്നും വാങ്ങിയ വൈദ്യുതിയുടെ അളവും ഇതിനായി ചെലവഴിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ ;

(എ) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വാങ്ങിയ വൈദ്യുതിയുടെ അളവ് (MU) | ചിലവഴിച്ച തുക (കോടിരൂപ) |
|---|---|---|
| 2011-12 | 10506.14 | 3366.57 |
| 2012-13 | 13108.61 | 4942.66 |
| 2013-14 | 12608.65 | 4683.61 |
| 2014-15 | 13921.222 | 5194.52 |
| 2015-16 (ഡിസംബർ 2015 വരെ) | 11378.992 | 4226.3508 |

(ബി) ഉയർന്ന വില കൊടുത്ത് സംസ്ഥാനത്തിന് പുറത്ത് നിന്ന് വൈദ്യുതി വാങ്ങുന്നത് കുറയ്ക്കുന്നതിനായി ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

(ബി) വൈദ്യുതി വ്യാപാരികളിൽ നിന്നും ജനറേറ്റിങ് കമ്പനികളിൽ നിന്നും കുറഞ്ഞ നിരക്കിലുള്ള 1815 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നതിനുള്ള കരാറുകളിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് ഏർപ്പെട്ടിട്ടുണ്ട്. ഇതിൽ 865 മെഗാവാട്ട് (25 വർഷത്തേക്ക്) “Tariff based bidding” വഴി ദീർഘകാലാടി സ്ഥാനത്തിൽ 4.11 രൂപ ശരാശരി നിരക്കിലും, 550 മെഗാവാട്ട് (25 വർഷത്തേയ്ക്ക്) ദീർഘകാലാടിസ്ഥാനത്തിൽ സെൻട്രൽ ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ (CERC) നിശ്ചയിക്കുന്ന താരിഫിലും, 400 മെഗാവാട്ട് (മാർച്ച് 2014 മുതൽ ഫെബ്രുവരി 2017 വരെ) മദ്ധ്യകാലാടിസ്ഥാനത്തിൽ 4.449 രൂപ മുതൽ 4.494രൂപ ‘levellised tariff’ -ലും ഉള്ളതാണ്.

സംസ്ഥാനത്തിന്റെ ആവശ്യകതയ്ക്കനുസൃതമായി കൂടുതൽ വൈദ്യുതി ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാനുള്ള വിപുലമായ നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ.